"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ സേവന വകുപ്പ് - അസറ്റ് മെയിന്റനൻസ് ഫണ്ട് 2024-25 - കോട്ടയം തലയോലപ്പറമ്പ് ജെ.പി.എച്ച്.എൻ. ട്രെയിനിംഗ് സെന്ററിലെ അറ്റകുറ്റപണികൾ, പുനരുദ്ധാരണം എന്നിവ പൂർത്തിയാക്കിയ വകയിൽ 82,57,481/- രൂപ റിലീസ് ചെയ്ത് - ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്**

സ.ഉ.(സാധാ) നം.1393/2024/H&FWD തീയതി,തിരുവനന്തപുരം, 10-06-2024

---

പരാമർശം:- 1. സ.ഉ.(സാധാ)നം.46/2019/ആ.കു.വ. തീയതി 09.01.2019

2. സ.ഉ.(സാധാ)നം.385/2024/ആ.കു.വ. തീയതി 08.02.2024

3. ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ 22.04.2024 തീയതിയിലെ പി.എൽ.എ.1-4895/2023/ആവഡ എന്ന നമ്പർ കത്ത്

4. സ.ഉ.(സാധാ)നം.4398/2024/ധന തീയതി 01.06.2024

**ഉത്തരവ്**

കോട്ടയം തലയോലപ്പറമ്പ് ജെ.പി.എച്ച്.എൻ. ട്രെയിനിംഗ് സെന്ററിൽ 2018-19-ൽ അസറ്റ് മെയിന്റനൻസ് ഫണ്ട് ഉപയോഗിച്ച് അറ്റകുറ്റപ്പണികൾ ചെയ്യുന്നതിലേക്ക് ആകെ 1.116 കോടി രൂപയുടെ (ഒരു കോടി പതിനൊന്നു ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) ഭരണാനുമതി മേൽ പരാമർശം 1-ലെ ഉത്തരവ് പ്രകാരം നൽകിയിരുന്നു. ആയത് പ്രകാരം പ്രസ്തുത പ്രവൃത്തികൾ ചെയ്ത് പൂർത്തിയാക്കിയ വകയിൽ സിവിൽ പ്രവൃത്തിയുടെ 2-മത്തേയും അവസാനത്തേയും ബിൽ തുകയായ 82,57,481/- രൂപ (എൺപത്തി രണ്ട് ലക്ഷത്തി അൻപത്തി ഏഴായിരത്തി നാനൂറ്റി എൺപത്തിയൊന്ന് രൂപാ മാത്രം) അനുവദിച്ച് കിട്ടുന്നതിനായി 09.01.2024 തീയതിയിലെ കത്ത് പ്രകാരം ബിൽ ഉൾപ്പെടെ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന്, മേൽ പരാമർശം 2-ലെ ഉത്തരവ് പ്രകാരം കോട്ടയം തലയോലപ്പറമ്പ് ജെ.പി.എച്ച്.എൻ. ട്രെയിനിംഗ് സെന്ററിലെ അറ്റകുറ്റപണികൾ, പുനരുദ്ധാരണം എന്നിവ പൂർത്തിയാക്കിയ വകയിൽ കരാറുകാരനായ ശ്രീ.ഷാജിമോൻ ജോസഫ്-ന് നൽകേണ്ട കുടിശ്ശിക തുകയും റിക്കവറി തുകയും ചേർത്ത് ആകെ 82,57,481/- രൂപ

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അനുവദിച്ച ഉത്തരവായിരുന്നു. എന്നാൽ 2023-2024 സാമ്പത്തിക വർഷത്തിൽ അസറ്റ് മെയിന്റനൻസ് ശീർഷകത്തിൽ തുക ഇല്ലാത്തതിനാൽ പ്രസ്തുത തുക കരാറുകാരന് മാറി നൽകിയിരുന്നില്ലെന്ന് മേൽ പരാമർശത്തിലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ആയതിനാൽ ബിൽ പ്രകാരം കരാറുകാരനായ ശ്രീ.ഷാജിമോൻ ജോസഫ്-ന് നൽകേണ്ട കുടിശ്ശിക തുകയും റിക്കവറി തുകയും ചേർത്ത് ആകെ 82,57,481/- രൂപ, 2210-80-800-83-AMF-NP ശീർഷകത്തിലെ 2024-25 സാമ്പത്തികവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും അനുവദിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം തലയോലപ്പറമ്പ് ജെ.പി.എച്ച്.എൻ. ട്രെയിനിംഗ് സെന്ററിലെ അറ്റകുറ്റപണികൾ, പുനരുദ്ധാരണം എന്നിവ പൂർത്തിയാക്കിയ വകയിൽ സമർപ്പിച്ചിട്ടുള്ള ബില്ലുകളുടെ അടിസ്ഥാനത്തിൽ കരാറുകാരനായ ശ്രീ.ഷാജിമോൻ ജോസഫ്-ന് നൽകേണ്ട കുടിശ്ശിക തുകയായ 79,77,565/- രൂപയും (എഴുപത്തിയൊൻപത് ലക്ഷത്തി എഴുപത്തി ഏഴായിരത്തി അഞ്ഞൂറ്റി അറുപത്തിയഞ്ചു രൂപ മാത്രം), റിക്കവറി ഇനത്തിൽ അതാത് ഓഫീസുകളിലേക്ക് അടയ്ക്കേണ്ട ആകെ തുകയായ 2,79,916/- രൂപയും (രണ്ടു ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി തൊള്ളായിരത്തി പതിനാറ് രൂപാ മാത്രം) ചേർത്ത് ആകെ **82,57,481/- രൂപ (എൺപത്തിരണ്ട് ലക്ഷത്തി അൻപത്തിഏഴായിരത്തി നാന്നൂറ്റിഎൺപത്തിയൊന്ന് രൂപാ മാത്രം)**, **'2210-80-800-83-AMF-NP-Charged'** ശീർഷകത്തിലെ 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും റിലീസ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പ്രസ്തുത ആവശ്യത്തിനായി മേൽ പരാമർശം 4-ലെ ഉത്തരവ് പ്രകാരം 82,58,000/- രൂപ അധിക ധനാനുമതി മുഖേന അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിനു ശേഷം ആയത് നടപ്പ് സാമ്പത്തിക വർഷത്തെ ഉപധനാഭ്യർഥനയിൽ ഉൾപ്പെടുത്തി ക്രമീകരിക്കുന്നതിനുള്ള നടപടി ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം

ധനകാര്യ (ഹെൽത്ത് - എ) വകുപ്പ്
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് : ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.

ഉത്തരവിൻ പ്രകാരം

Signed by
P. K. Santhosh
Date: 10-06-2024 14:29:21
സെക്ഷൻ ഓഫീസർ